# <u>പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്</u>

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ ഒന്നാം വർഷ, രണ്ടാം വർഷ പരീക്ഷകൾ പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## <u>അപേക്ഷിക്കേണ്ട വിധം</u>

പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾ അപേക്ഷയിൽ ഒരു ഫോട്ടോ പതിക്കേണ്ടതും അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകളുടെ പകർപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. (**അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എല്ലാ രേഖകളിലും, അപേക്ഷയിൽ പതിച്ചിട്ടുള്ള ഫോട്ടോയിലും നിർബന്ധമായും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം**)

- SSLC/10th സർട്ടിഫിക്കറ്റ്
- പ്ലസ് 2 സർട്ടിഫിക്കറ്റ്
- ഇതുവരെ എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ
- ഇതുവരെ എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ
- ഡിപ്ലോമ സർട്ടിഫിക്കറ്റ്

അപേക്ഷ ഫോറം തെറ്റ് കൂടാതെ കൃത്യതയോടെ പൂരിപ്പിച്ച്, ഗവൺമെന്റ് പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ നേരിട്ടോ/തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

****ഇത് കൂടാതെ പേരും ജനന തീയതിയും പ്രിന്റ് ചെയ്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ അപേക്ഷയോടൊപ്പം പ്രത്യേകമായി ഉള്ളടക്കം ചെയ്യേണ്ടതുമാണ്.**

## <u>പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഫീസ്</u>

പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഫീസ് 500 രൂപയാണ്. ആയത് സെക്രട്ടറി, പാരാമെഡിക്കൽ കാൺസിലിന്റെ അക്കൗണ്ടിലേക്ക് )Account No. 57036990991, SBI - തിരുവനന്തപുരം മെയിൻ ബ്രാഞ്ച്, IFSC - SBIN0070028) ബാങ്കിൽ നേരിട്ട് ഒടുക്കിയ ശേഷം, ആയതിന്റെ ഒറിജിനൽ കൗണ്ടർഫോയിലിൽ ജേണൽ നമ്പർ/ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങേണ്ടതും ആയതിന്റെ അസ്സൽ അതാത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

****ഗൂഗിൾ പേ മുഖേന പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒടുക്കുന്നത് സ്വീകാര്യമല്ല.**

** കൗണ്ടർഫോയിലിൽ ജേണൽ നമ്പർ/ട്രാൻസാക്ഷൻ റെഫറൻസ് നമ്പർ ബാങ്കിൽ നിന്ന് എഴുതി വാങ്ങിയിട്ടില്ലാത്തതും, ആയതിന്റെ അസ്സൽ കൗണ്ടർഫോയിൽ ഇല്ലാതെ സമർപ്പിക്കുന്ന അപേക്ഷകളും, പേരും ജനന തീയതിയും പ്രിന്റ് ചെയ്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതും അപൂർണ്ണം ആയിട്ടുള്ള ഒരു അപേക്ഷകളും സ്വീകരിക്കുന്നതല്ല.